പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6517 — 21/11/2019-ൽ മറുപടിക്ക്

## ഫുൾടൈം ബെനിഫിറ്റ് അധ്യാപകർക്ക് പ്രൊമോഷൻ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.ഉമ്മർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫുൾടൈം ബെനിഫിറ്റ് തസ്തികയിൽ 2012 മുതൽ ജോലി ചെയ്തുവരുന്ന പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റ് അധ്യാപകർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ ഒഴിവ് ലഭ്യമായാൽ മാത്രമേ ഫുൾടൈം ബെനിഫിറ്റ് ലഭിച്ച അധ്യാപകർക്ക് സർക്കാർ സ്കൂളുകളിൽ പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ. |
| (ബി) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അദ്ധ്യാപകർക്ക് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) ഫുൾടൈം ബെനിഫിറ്റ് ലഭിച്ച അധ്യാപകർക്ക് മതിയായ യോഗ്യതകൾ ഉണ്ടെങ്കിലും ഫുൾടൈം തസ്തികയിലെ അധ്യാപകരോടൊപ്പം പ്രൊമോഷൻ ലഭിക്കുവാൻ അർഹതയില്ല. ഫുൾടൈം അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ ഫുൾടൈം ബെനിഫിറ്റ് ലഭിച്ചവർക്ക് പ്രൊമോഷന് അർഹതയുള്ളൂ. |
| (സി) 2007-മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ഫുൾടൈം ബെനിഫിറ്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള കാലതാമസം വിശദമാക്കാമോ? | (സി) ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ ഒഴിവ് ലഭ്യമല്ലാത്തതിനാലാണ് പ്രൊമോഷൻ നൽകുവാൻ കാലതാമസം വരുന്നത്. |

സെക്ഷൻ ഓഫീസർ